പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5301 02-07-2013 -ൽ മറുപടിക്ക്.

## ഗ്രാമങ്ങളിൽ ഹൗസിംഗ് ബോർഡ് ഫ്ളാറ്റ് സമുച്ചയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ.<br>" സണ്ണി ജോസഫ്.<br>" ഐ.സി. ബാലകൃഷ്ണൻ.<br>" എ.റ്റി. ജോർജ്. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹൗസിംഗ് ബോർഡിൻെറ ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമിയുടെ ദൗർലഭ്യവും മറ്റും കണക്കിലെടുത്ത് ഗ്രാമങ്ങളിലേയ്ക്ക് ഫ്ളാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഹൗസിംഗ് ബോർഡ് വഴി സാഫല്യം ഭവന പദ്ധതി, സങ്കേതം ഭവന നിർമ്മാണ പദ്ധതി എന്നിവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഇതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി)<br>( a) <u>സാഫല്യം ഭവന പദ്ധതി</u><br>സമൂഹത്തിലെ ഭൂഭവനരഹിതരായ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടമായി കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ എട്ടു ജില്ലകളിൽ 10 പഞ്ചായത്തുകളിലായി 900 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ (പദ്ധതിച്ചെലവ് 33.13 കോടി |

രൂപ) 03-01-2013- ലെ ജി.ഒ. (എം.എസ്) 01/2013/ഭവനം ഉത്തരവിലൂടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 280 ചതുരശ്ര അടി (സർവീസ് ഒഴികെ) തറ വിസ്തീർണ്ണം വരുന്ന ഫ്ളാറ്റിൻെറ നിർമ്മാണ ചെലവായ 3.50 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും (ഗുണഭോക്താവ് 168 മാസത്തവണകളായി പലിശ സഹിതം തിരികെ അടയ്ക്കണം) 25,000/-രൂപ സന്നദ്ധസംഘടന വിഹിതവും ബാക്കി 25,000/-രൂപ ഗുണഭോക്തൃവിഹിതവുമാണ്.

ആദ്യഘട്ടമായി താഴെപ്പറയും പ്രകാരം 400 ഫ്ളാറ്റുകൾ പണിയുന്നതിനാണ് ഉദ്ദേശിക്കുന്നത്.

| | | |
|---|---|---|
| ചാത്തന്നൂർ - (കൊല്ലംജില്ല) | - | 48 |
| ചെട്ടികുളങ്ങര - (ആലപ്പുഴ) | - | 24 |
| അകലക്കുന്നം-(കോട്ടയം) | - | 48 |
| ചേളന്നൂർ ( കോഴിക്കോട് ) | - | 66 |
| തിരുവാളി (മലപ്പുറം) | - | 60 |
| എലപ്പുള്ളി ( പാലക്കാട് ) | - | 82 |
| പുതുക്കാട് (തൃശ്ശൂർ) | - | 72 |

നിർമ്മാണ പ്രവർത്തനങ്ങൾക്കായി ദർഘാസുകൾ ക്ഷണിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി 8 ജില്ലകളിൽ പത്രങ്ങളിൽ പരസ്യപ്പെടുത്തി ഡിമാൻറ് സർവ്വേ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| | | (b) തുച്ഛവരുമാനക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതി (സങ്കേതം ഭവനനിർമ്മാണ പദ്ധതി)<br>തുച്ഛ വരുമാനക്കാർക്കായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃവിഹിതവും ഉപയോഗിച്ച് ഫ്ലാറ്റ് നിർമ്മിച്ച് നൽകാനായി ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. 08/05/2013-ലെ സ. ഉ.(എം. എസ്) നം.15/2013/ ഭവനം പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഭൂമി അനുവദിക്കുമ്പോൾ അതിൽ 400 ച.അടി വിസ്തീർണ്ണം വരുന്ന ഒരു ഫ്ലാറ്റിൻെറ നിർമ്മാണ ചെലവിന് അഞ്ച് ലക്ഷം രൂപയിൽ രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡിയായും, രണ്ട് ലക്ഷം രൂപ പഞ്ചായത്തുകൾ വായ്പയായി സമാഹരിക്കുന്നതും, ഒരു ലക്ഷം രൂപ ഗുണഭോക്തൃവിഹിതവും ഉൾക്കൊള്ളിച്ചിരിക്കുന്നു. ബോർഡ് പഞ്ചായത്ത് നല്കുന്ന ഭൂമിയിൽ ഫ്ലാറ്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഗുണഭോക്താവിന് അലോട്ട് ചെയ്യുന്നതിനായി അതത് പഞ്ചായത്തിന് തന്നെ കൈമാറുന്നതും, വായ്പാ തിരിച്ചടവിനായി പഞ്ചായത്തുമായി കരാറിലേർപ്പെട്ട ശേഷം ഗുണഭോക്താവിന് ഫ്ലാറ്റുകൾ സ്വന്തമാക്കാവുന്നതുമാണ്. |
| (സി) | ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) പഞ്ചായത്തുകൾ/കാരുണ്യവാൻമാരായ വ്യക്തികൾ/ സന്നദ്ധ സംഘടനകൾ/ സർക്കാരിതര സംഘടനകൾ എന്നിവയുടെ സഹായ സഹകരണത്തോടുകൂടിയാണ് സാഫല്യം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് സാങ്കേതം ഭവന |

പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) സാഫല്യം ഭവനപദ്ധതിയ്ക്കായി വ്യാപകമായി പത്രം/ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ സന്നദ്ധ സംഘടനാ പങ്കാളിത്തം ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സങ്കേതം ഭവന പദ്ധതിയ്ക്ക് സ്ഥലം കണ്ടെത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സമീപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ